# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.419 08-08-2017 ലെ മറുപടിക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സണ്ണി ജോസഫ് | ഡോ.ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പു മന്ത്രി |

### സംസ്ഥാനം പ്രതീക്ഷിച്ച വരുമാനം

<table>
<tr><td>(എ)</td><td>കഴിഞ്ഞ സാമ്പത്തിക വർഷം സംസ്ഥാനം പ്രതീക്ഷിച്ച വരുമാനം ഏതെല്ലാം സ്രോതസ്സുകളിലൂടെ എത്ര കോടി രൂപ വീതമായിരുന്നു; കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ എന്നിവ വഴിയുള്ള വരുമാനം ഓരോ ഇനവും എത്ര വീതമെന്ന് വിശദമാക്കാമോ;</td><td>2016-17 സാമ്പത്തിക വർഷം വിവിധ സോത്രസ്സുകളിൽ നിന്നും പ്രതീക്ഷിച്ച വരുമാനത്തിന്റെ ഇനം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:<br><br>(തുക കോടിയിൽ)
<table>
<tr><th></th><th>2016-17-ൽ പ്രതീക്ഷിച്ചത്</th></tr>
<tr><td>സംസ്ഥാനത്തിന്റെ തനത് വരുമാനം</td><td>47613.61</td></tr>
<tr><td>സംസ്ഥാനത്തിന്റെ നികുതിയേതര വരുമാനം</td><td>11359.52</td></tr>
<tr><td>കേന്ദ്ര നികുതി വിഹിതം</td><td>14282.00</td></tr>
<tr><td>കേന്ദ്ര ധനസഹായം</td><td>11361.72</td></tr>
</table></td></tr>
<tr><td>(ബി)</td><td>പ്രതീക്ഷിച്ച വരുമാനത്തിൽ കേന്ദ്ര സർക്കാർ വഴിയും സംസ്ഥാന സർക്കാർ വഴിയും കഴിഞ്ഞ സാമ്പത്തിക വർഷം വരെ ലഭിച്ച തുക ഓരോ ഇനത്തിലും എത്ര വീതം; വിശദമാക്കാമോ?</td><td>2016-17 സാമ്പത്തിക വർഷം സംസ്ഥാനത്തിന്റെ തനത് നികുതി/ നികുതിയേതര വരുമാനങ്ങളിൽ ഡിസംബർ 31 വരെയുള്ള കണക്കുകൾ മാത്രമേ അക്കൗണ്ടന്റ് ജനറൽ തിട്ടപ്പെടുത്തിയിട്ടുള്ളൂ. ഇതിൻ പ്രകാരം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനം 30214.66 കോടി രൂപയും, നികുതിയേതര വരുമാനം 5277.54 കോടി രൂപയുമാണ്. അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2016-17 സാമ്പത്തിക വർഷം കേന്ദ്ര നികുതി വിഹിതം, കേന്ദ്ര ധനസഹായം എന്നീ ഇനങ്ങളിൽ യഥാക്രമം 15225.02 കോടി രൂപയും 8510.37 കോടി രൂപയും ലഭ്യമായിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ